(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ കടിശ്ശികയായിട്ടുള്ളതു കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നുണ്ടോ ; തുടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ ;

(ഡി) റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് തടസ്സമായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സർക്കാരിന്റെ സാമ്പത്തിക നില പൊതുമരാമത്ത് വകുപ്പിലെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുകയും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത പ്രകടിപ്പിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-1-2014 മുതൽ 31-12-2014 വരെ കടിശ്ശിക ബില്ലിനത്തിൽ 1680.79 കോടി രൂപയും ദേശീയപാത വിഭാഗത്തിൽ 54.09 കോടി രൂപയും കെട്ടിടവിഭാഗത്തിൽ 453.55 കോടി രൂപയും കടിശ്ശികയുണ്ട്.

(സി) പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ ചില കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തുടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫണ്ടിന്റെ ലഭ്യതക്കുറവ്, ഭൂമി ഏറ്റെടുക്കുന്നതിന്റെ കാലതാമസം, നിർമ്മാണസാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങിയവയാണ് പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുള്ളത്. ഈ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാർതലത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.

ബി.എഡ്. സീറ്റുകൾ

29 (*119) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. സത്യൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ്. സീറ്റുകളിൽ കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ കുറവ് വരുത്താനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇതുമൂലം വിദ്യാർത്ഥികൾക്ക് ബി.എഡ്. പ്രവേശനത്തിനുള്ള അവസരം കുറയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വാശ്രയ ബി.എഡ്. കോളേജുകൾക്ക് വൻ നേട്ടം ഉണ്ടാക്കുന്നതിനും അവർക്ക് വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതിനും ഈ തീരുമാനം ഇടവരുത്തുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>) :

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ടെയിനിങ് കോളേജുകളിലും 2015-16 അദ്ധ്യയന വർഷം മുതൽ ബി.എഡ് കോഴ്സുകൾക്ക് 50 സീറ്റുകൾ വീതമാക്കി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ബി.എഡ്. കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത് കേന്ദ്ര ഏജൻസിയായ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷനാണ്. പ്രസ്തുത ഏജൻസി അതിന്റെ നോംസ് & റെഗുലേഷൻസ് 2014 മുതൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. പരിഷ്കരിച്ച നിബന്ധനകൾ പ്രകാരം ബി.എഡ് കോഴ്സിന്റെ കാലദൈർഘ്യം 2 വർഷമാക്കി ഉയർത്തുകയുണ്ടായി. പ്രസ്തുത കോഴ്സിന്റെ ഓരോ യൂണിറ്റിനും 50 സീറ്റുകൾ വീതമേ പാടുള്ളുവെന്നും ഒരു കോളേജിൽ ഇത്തരത്തിലുള്ള പരമാവധി 2 യൂണിറ്റുകളേ അനുവദിക്കാൻ പാടുള്ളുവെന്നും നിഷ്കർഷിക്കുകയുണ്ടായി. 2 യൂണിറ്റുകൾ വീതം ബി.എഡ്. കോഴ്സ് നടത്തുന്നതിന് 16 അദ്ധ്യാപക തസ്തികകൾ ആവശ്യമാണെന്നതാണ് പുതുക്കിയ നിബന്ധന. എന്നാൽ ഒരു യൂണിറ്റ് കോഴ്സ് (50 സീറ്റ്) വീതമുള്ള 2 വർഷ ബി.എഡ്. കോഴ്സ് നടത്തുന്നതിന് 8 അദ്ധ്യാപക തസ്തികകൾ മതിയാകും. കേരളത്തിലെ സർക്കാർ/എയ്ഡഡ് ടെയിനിങ് കോളേജുകളിൽ മിക്കവയിലും നിലവിൽ 2 യൂണിറ്റ് (പ്രതിവർഷം 100 സീറ്റ്) നടത്തുന്നതിനാവശ്യമായ 16 അദ്ധ്യാപക തസ്തികകൾ ലഭ്യമല്ല. 2 യൂണിറ്റുകൾ അനുവദിക്കണമെങ്കിൽ മിക്ക ടെയിനിങ് കോളേജുകളിലും കൂടുതൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായിവരും. ഇത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്നതിനാൽ നിലവിലുള്ള അദ്ധ്യാപക തസ്തികകൾ വച്ച് നടത്തിക്കൊണ്ടുപോകാവുന്ന വിധത്തിൽ നിലവിലുള്ള ഓപ്ഷണൽ സബ്ജക്ടുകൾ എല്ലാം നിലനിർത്തിക്കൊണ്ട് ഓരോ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിലും ഓരോ യൂണിറ്റ് (50 സീറ്റ്) വീതം നടത്തുന്നതിനും അതുസംബന്ധിച്ച് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിർദ്ദേശിച്ച പ്രകാരമുള്ള സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനും സർക്കാർ/എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്ക് അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്തു കൊണ്ടാണ് നിലവിലുള്ള അദ്ധ്യാപകരെക്കൊണ്ട് കോഴ്സ് നടത്തിക്കുവാൻ കഴിയുന്നവിധത്തിൽ (50 സീറ്റ്) എന്ന തീരുമാനമെടുത്തത്.

(സി&ഡി) നിലവിലെ 1 വർഷ ദൈർഘ്യമുള്ള ബിഎഡ്. കോഴ്സിനുപോലും സർക്കാർ/എയ്ഡഡ് ടെയിനിംഗ് കോളേജുകളിൽ അവസാന അലോട്ട്മെന്റ് കഴിഞ്ഞാലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. 2014-15 അദ്ധ്യയന വർഷത്തിൽ 2 റഗുലർ അലോട്ട്മെന്റുകളും ഒരു കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റും എസ്.സി., എസ്.റ്റി. വിദ്യാർത്ഥികൾക്കുള്ള ഒരു സ്പെഷ്യൽ അലോട്ട്മെന്റും പൊതുവായ ഒരു സ്പോട്ട് അലോട്ട്മെന്റും നടത്തിയ ശേഷവും സർക്കാർ/എയ്ഡഡ് ടെയിനിങ് കോളേജുകളിൽ 150-ഉം സ്വാശ്രയ ടെയിനിങ് കോളേജുകളിൽ 3000-ൽ അധികവും സീറ്റുകൾ ഒഴിഞ്ഞുകിടന്നു. ആയതിനാൽ നിലവിൽ സീറ്റുകളുടെ എണ്ണത്തിലുണ്ടായ കുറവ് വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുവാൻ സാദ്ധ്യതയില്ല. ആയതിനാൽ ഈ തീരുമാനം സ്വാശ്രയ ബി.എഡ്. കോളേജുകൾക്ക് വിദ്യാർത്ഥികളെ കൂടുതൽ ചൂഷണം ചെയ്യാൻ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നില്ല.

ഓപ്പൺ കോഴ്സുകൾക്ക് കൗൺസിൽ

30 (*120) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി തലം വരെയുള്ള ഓപ്പൺ കോഴ്സുകളുടെ നടത്തിപ്പിന് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രത്യേക കൗൺസിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠന റിപ്പോർട്ട് പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly